"ഭരണഭാഷ –മാതൃഭാഷ"

നമ്പർ : ICDS/B2/2500/21

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : directorate.wcd@kerala.gov.in
തീയതി : 6..3..2021

വനിത ശിശുവികസന ഡയറക്ടർ

ജില്ലാതല പ്രോഗ്രാം ഓഫീസർ

സർ,

വിഷയം : വനിത ശിശുവികസന വകുപ്പ് - അനീമിയക്കെതിരെ ബോധവൽക്കരണം - മാർച്ച് മാസത്തിൽ നടപ്പിലാക്കേണ്ട പദ്ധതി - സംബന്ധിച്ച്.

സൂചന :

അനീമിയക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മാർച്ച് മാസത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

Assistant Director
Women and Child Development Department
Thiruvananthapuram - 695 012

NA-21

**ഊർജ്ജിത വിളർച്ച പ്രതിരോധ നിയന്ത്രണയജ്ഞം 2021 ക്യാമ്പയിൻ 12 ന്റെ ഭാഗമായി അങ്കണവാടി വർക്കർ / സൂപ്പർവൈസർ / ശിശുവികസന പദ്ധതി ഓഫീസർ / പ്രോഗ്രാം ഓഫീസർ / ജില്ലാ വനിത ശിശുവികസന ഓഫീസർ എന്നിവരുടെ ഭവന സന്ദർശനം**

അനീമിയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ് ചുരുങ്ങിയത് പന്ത്രണ്ടിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ വനിത ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിൽ ക്യാമ്പയിൻ 12 എന്ന പദ്ധതി 2021 ജനവരി 12 -ന് ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി മാർച്ച് 12 -ന് അനീമിയ ബോധവൽക്കരണത്തിന്റെ ഭാഗമായി അങ്കണവാടി വർക്കർ മുതൽ ഉയർന്ന ഉദ്യോഗസ്ഥർവരെ അവരുടെ ഏരിയയിലുള്ള മാർച്ച് മാസത്തിൽ 12 വയസ്സ് തികയുന്ന കുട്ടികളുടെ വീടുകളിൽ സന്ദർശനം നടത്തേണ്ടതാണ്.

കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വർക്കർ 3 വീടുകൾ, സൂപ്പർവൈസർ 2, ശിശുവികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ, ജില്ലാ വനിത ശിശുവികസന ഓഫീസർ എന്നിവർ ഓരോ വീട് വീതം സന്ദർശനം നടത്തേണ്ടതാണ്.

താഴെ പറയുന്ന വസ്തുതകളെ അടിസ്ഥാനമാക്കി വേണം ഭവന സന്ദർശന സമയത്ത് ബോധവൽക്കരണ പരിപാടികൾ നടത്തേണ്ടത്.

1. സന്ദർശന ഉദ്ദേശം
2. എന്താണ് ക്യാമ്പയിൻ-12
3. അനീമിയയുടെ ദൂഷ്യ ഫലങ്ങൾ
4. അനീമിയയുടെ ലക്ഷണങ്ങൾ
5. ആരെയൊക്കെ ബാധിക്കാം
6. ക്യാമ്പയിൻ-12 ന്റെ പ്രധാന ഗുണഭോക്താക്കൾ
7. ഭക്ഷണത്തിലൂടെ അനീമിയ പരിഹരിക്കുവാൻ എന്തൊക്കെ ചെയ്യണം.

ഭവന സന്ദർശനം സംബന്ധിച്ച ഫോട്ടോകൾ / വീഡിയോകൾ എന്നിവ ശിശുവികസന പദ്ധതി ഓഫീസർമാർ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക് നല്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ ഈ കാര്യാലയത്തിലെ wcd/campaign-12@gmail.com എന്ന e-mail ലേയ്ക്ക് അയച്ചു തരേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

SOPHY JACOB
PEN 457974
Assistant Director
Women and Child Development Department
Thiruvananthapuram - 695 012

NA-21